CCM( 8) – 2012-13

# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല
# കോ-ഓർഡിനേഷൻ സമിതി

**31.10.2012-ൽ കൂടിയ കോ-ഓർഡിനേഷൻ സമിതിയുടെ യോഗ നടപടിക്കുറിപ്പ്:-**

യോഗം രാവിലെ 8-ന് ബഹു പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു.മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ബഹു.നഗരകാര്യവകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ആരംഭിച്ചു.

1. 22.10.2012-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു. മുൻയോഗ തീരുമാനങ്ങളുടെ അനന്തര നടപടികളുടെ പുരോഗതി അവലോകനം ചെയ്തു.

2. **പൊതുവിഷയങ്ങൾ**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 12-ാം പദ്ധതി ആസൂത്രണത്തിന്റെയും ഡാറ്റാഎൻട്രിയുടെയും സ്ഥിതി വിവരക്കണക്ക് പരിശോധിച്ചു.13893 പ്രോജക്ടുകളുടെ ഡാറ്റാഎൻട്രി കഴിഞ്ഞ ദിവസംവരെ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിലയിരുത്തി.

3. **പ്രത്യേക വിഷയങ്ങൾ**

**3.1 തലശ്ശേരി നഗരസഭ (ഫയൽ നം.60270/ഡി.സി.1/12/തസ്വഭവ)**

ബയോഗ്യാസ് പ്ലാന്റ് പരിപാലനത്തിന് തുക വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന ശുചിത്വമിഷന്റെ അഭിപ്രായം ലഭ്യമാക്കിയശേഷം ചർച്ചക്കായി മാറ്റിവച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 ജൻശിക്ഷൺ സൻസ്ഥാനിനെ അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിക്കുന്നത് സംബന്ധിച്ച് (ഫയൽ നം.28792/ഐ.ബി.2/12/തസ്വഭവ)**

മലപ്പുറം ജൻശിക്ഷൺ സൻസ്ഥാനെ പരിശീലന പരിപാടികളുടെ ജില്ലയിലെ അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ചു. ജി.ഒ.(ആർടി.)നം.601/12/തസ്വഭവ 27.02.2012-ലെ ഉത്തരവിലെ മാനദണ്ഡങ്ങൾ ജൻശിക്ഷൺ സൻസ്ഥാനും ബാധകമായിരിക്കും.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 35547/എ.സി.2/12/തസ്വഭവ)**

ചാരിറ്റബിൾ സൊസൈറ്റിക്ക് 4 ലക്ഷം രൂപയ്ക്ക് കെട്ടിടം നിർമ്മിച്ചു നൽകിയതും അറയങ്ങാട് സ്നേഹഭവന് 2.5 ലക്ഷം രൂപയ്ക്ക് ആംബുലൻസ് വാങ്ങി നൽകിയതും സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് പ്രയോജനപ്പെടുന്നതായി ബോധ്യപ്പെട്ടതിന്റെയും ദുർവ്യയം നടന്നിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ മേലിൽ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി രൂപീകരിക്കരുതെന്ന താക്കീതോടെ സാധൂകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 പോത്തുകല്ല് ഗ്രാമപഞ്ചായത്ത് (ഫയൽ നം. 59486/ഡി.എ2/12/തസ്വഭവ)**

2010-11 വർഷം കർഷകർക്ക് വീൽബാരോ വിതരണം ചെയ്തതിന് സബ്സിഡി അനുവദിച്ചത് സാധൂകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 കോഴിക്കോട് കോർപ്പറേഷൻ (ഫയൽ നം. 60008/ഡി.സി3/12/തസ്വഭവ)**

12-ാം പദ്ധതി പരിഹാരതുക രണ്ട് ഗഡുക്കളായി 2012-13, 2013-14 വർഷങ്ങളിൽ വകയിരുത്തുന്നതിന് അനുമതി നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 ജില്ലാ പഞ്ചായത്തു പ്രസിഡന്റുമാരുടെ ഔദ്യോഗിക വാഹനത്തിന് ദിവസ വേതനാടിസ്ഥാനത്തിൽ ഡ്രൈവർമാരെ നിയമിക്കുന്നത് സംബന്ധിച്ച്**
**(ഫയൽ നം. 44086/ഡി.ബി.3/12/തസ്വഭവ)**

സ്ഥിരം ഡ്രൈവർ അവധിയിലാകുമ്പോൾ ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവറെ നിയമിക്കാമെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 പദ്ധതി ആസൂത്രണ മാർഗരേഖയിലെ നിബന്ധന പരിഷ്ക്കരിക്കുന്നത് സംബന്ധിച്ച്**

(1) പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ii-ാം ഉപഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന നിബന്ധനയ്ക്ക് ഈ വർഷം മാറ്റം വരുത്തേണ്ടതില്ല എന്ന് തീരുമാനിച്ചു..

(2) അംഗൻവാടി പോഷകാഹാരത്തിനുള്ള വിഹിതം സബന്ധിച്ച്

ബ്ലോക്ക് പഞ്ചായത്തിനെ ഒഴിവാക്കി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 ഗ്രാമപഞ്ചായത്തുകളിൽ വിഷ്വൽ കമ്മ്യൂണിക്കേഷൻ സംവിധാനം**

ഗ്രാമപഞ്ചായത്തുകളെയും ജില്ലാ ആഫീസുകളെയും ബന്ധപ്പെടുത്തി വീഡിയോ കോൺഫറൻസ് സംവിധാനം ഏർപ്പെടുത്തുന്നതിന് കെൽട്രോൺ സംവിധാനം ഏർപ്പെടുത്തുന്നതിന് കെൽട്രോൺ സമർപ്പിച്ച പ്രെപ്പോസൽ ഐ.ടി. മിഷന്റെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കി ചർച്ച ചെയ്യാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 സബ്സിഡി മാർഗരേഖയിലെ പുതിയ ഉൾപ്പെടുത്തലുകൾ താഴെപ്പറയും പ്രകാരം അംഗീകരിച്ചു.**

(i) ഖണ്ഡിക 3.1.9-ാമത്തെ (കുറിപ്പ്) ഇനമായി (പേജ്-10) ഇപ്രകാരം ചേർത്തു.

കേടുവന്ന തെങ്ങുകൾ മുറിച്ചു മാറ്റുന്നതുൾപ്പെടെ കൃഷി വകുപ്പിൽ നിന്നും നൽകി വരുന്ന സബ്സിഡി ലഭ്യമാകാതെയോ തികയാതെയോ വരുന്ന സാഹചര്യങ്ങളിൽ കൃഷി വകുപ്പിലെ സബ്സിഡി നിബന്ധനകൾക്കും നിരക്കിനും വിധേയമായി നാമമാത്ര കർഷകർക്ക് ധനസഹായം നൽകുന്നതിനും പ്രോജക്ട് തയ്യാറാക്കാവുന്നതാണ്.

(ii) ഖണ്ഡിക 3.2.1.5-ാമത്തെ കോളത്തിലെ 4 ഖണ്ഡികയിൽ 50% എന്നുള്ളത് 75% എന്നാക്കി (പേജ് - 10)

(iii) ഖണ്ഡിക 5.9 പാലിയേറ്റീവ് പരിചരണം (പേജ് 36) 23.08.2012-ലെ സ.ഉ.(എം.എസ്)നം.228/12/തസ്വഭവ പ്രകാരം എന്നു മാറ്റുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം 9.00 ന് അവസാനിച്ചു)